# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം : നാലാം ഞായർ

### യോഹ 16,16 – 33

*ദൈവത്തിന്റെ വഴികൾ വിചിത്രമാണ്!*
*കഴുകൻ കുഞ്ഞുങ്ങളെയും കൊണ്ട് മേഘങ്ങൾക്ക് മുകളിലൂടെ പറന്ന്*
*അവയെ താഴെക്കിടുന്നത് സ്നേഹമില്ലാത്തത് കൊണ്ടല്ല.*
*മറിച്ച്, അധികം സ്നേഹിക്കുന്നതുകൊണ്ടാണ്.*
*താൻ ഉപേക്ഷിക്കപ്പെട്ടുവെന്ന നൊമ്പരത്തിൽ*
*ചിറകടിക്കാൻ തത്രപ്പെടുന്ന കുഞ്ഞുകഴുകനെ താഴെയെത്തുംമുമ്പേ*
*ചുമലിലേറ്റാൻ അമ്മകഴുകൻ പറന്നെത്തും!*

"നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും;
എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും;
എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും"
(യോഹ 16,20).

**ക്ലാസ്പരീക്ഷയ്ക്ക് മാർക്ക് നൽകി വാർഷികപരീക്ഷയ്ക്ക് തോൽപ്പിക്കുന്ന ടീച്ചറേക്കാൾ ക്ലാസ്പരീക്ഷയ്ക്ക് മാർക്ക് കുറച്ചാലും വാർഷികപരീക്ഷയ്ക്ക് ജയിപ്പിക്കുന്ന ടീച്ചറെയാണ് കുട്ടികൾക്കിഷ്ടം!**

നമ്മുടെ വേദനകളെന്നും ലോകത്തിന് സന്തോഷം സമ്മാനിക്കുന്ന ഒന്നാണ്. ലോകത്തിന്റെ സ്വഭാവവും ഇതുതന്നെയാണ്; മറ്റുള്ളവർ വേദനിച്ചാലും കണ്ണുനീർ പൊഴിച്ചാലും എനിക്ക് സന്തോഷിക്കണം. എന്റെ സന്തോഷത്തിന്, എന്റെ സുഖത്തിന് ഒരു കോട്ടവും പറ്റാൻ പടില്ലാ! ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ് സർക്കസും 'കരാത്തെ'യുടെ ഡെമോൺസ്ട്രേഷനുമെല്ലാം. കൊച്ചുകുട്ടികൾ മുതൽ വലിയവർ വരെ അണിനിരക്കുന്ന ഇത്തരം പരിപാടികളിലേയ്ക്കൊന്നു കണ്ണോടിക്കുക. അഭിനിവേശത്തിന്റെ പുറത്ത് ചെയ്തുകൂട്ടുന്നവയല്ല ഇതൊന്നും. മറിച്ച്, അന്നന്നത്തെ അപ്പത്തിനുവേണ്ടി ജീവിക്കാൻ കസർത്തു കാട്ടുന്നവയാണ് ഇതൊക്കെ.

തൃശൂരിൽ ഒരിക്കൽ 'ജംബോ' സർക്കസ് കാണാൻ പോയത് ഓർക്കുന്നുണ്ട്. അന്ന് കണ്ട ഒരു അഭ്യാസപ്രകടനം ഇന്നു അൽഭുതത്തോടും അസൂയയോടും കൂടെയാണ് ഓർമ്മയിൽ കാത്തു സൂക്ഷിക്കുന്നത്. ഒരു പയ്യൻ വന്ന് കരാത്തെയുടെ കൂറെ സ്റ്റെപ്പുകൾ അൽഭുതമൂറുന്ന വിധത്തിൽ പ്രദർശിപ്പിക്കും. അവസാനം, ആ ചെറുപ്പക്കാരൻ സ്റ്റേജിൽ നീണ്ട് നിവർന്ന് കിടക്കുമ്പോൾ രണ്ട് മല്ലൻമാർ വന്ന് ആ ചെറുപ്പക്കാരന്റെ നെഞ്ചിന് കുറുകെ ഒരു ഭീമൻ കല്ല് എടുത്ത് വയ്ക്കും. അൽപ്പസമയത്തിന് ശേഷം വേറെ ഒരു അഭ്യാസി ഒരു കൂടവുമായി വന്ന് ആ ചെറുപ്പക്കാരന്റെ നെഞ്ചിന് കുറുകെ വച്ചിരിക്കുന്ന കല്ല് തന്റെ കൈയിലിരിക്കുന്ന കൂടം കൊണ്ട് അടിച്ച് പൊട്ടിക്കുന്നു. ഇതു കാണുന്നവർക്ക് ആ സഹോദരന്റെ സങ്കടം സന്തോഷമാക്കി മാറ്റിയെടുക്കുന്നു.

വചനം പറയുന്നു, "നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും" (യോഹ 16,20). ക്രിസ്തു ക്രിസ്തു ശിഷ്യർക്ക് നൽകുന്ന മുന്നറിയിപ്പാണിത്. നിങ്ങൾ എന്റെ നാമത്തിൽ വിശ്വസിക്കുകയും ജീവിക്കുകയും ചെയ്യുന്നതുകൊണ്ട് ഉറപ്പാണ്, ലോകം

നിങ്ങളെ പുച്ഛിച്ച് പുറംന്തളും. ലോകം ചിരിക്കും നിങ്ങൾ കരയും. പക്ഷെ, മക്കളെ നിങ്ങളുടെ സങ്കടം സന്തോഷമായി മാറും. നിങ്ങളുടെ കണ്ണു നീർ സന്തോഷത്തിന് തിരി തെളിക്കും. ചുരുക്കത്തിൽ ,കർത്താവ് പറഞ്ഞ് വയ്ക്കുന്നത്, വിജയം എല്ലായിപ്പോഴും നേരിന്റെ പക്ഷത്തിനായിരിക്കും എന്നതാണ്. അതുകൊണ്ടാണ് കർത്താവ് പറയുന്നത്;

"നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും. നിങ്ങൾ ദുഃഖിതരാകും; എന്നാൽ, നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (യോഹ 16,20).

ഇതിന് കർത്താവ് തന്നെ പറയുന്ന ഉദാഹരണം, "സ്ത്രീയുടെ പ്രസവവേദനയെ" കുറിച്ചാണ്. ലോകം ഘോഷിക്കുന്നത് ലോകം കണ്ടിട്ടുളളതിൽ വച്ച് ഏറ്റവും വലിയ വേദന പ്രസവവേദനയാണ് എന്നാണ്. എന്നിട്ടും, സ്ത്രീകൾ ഇന്നും പ്രസവിച്ചുകൊണ്ടിരിക്കുന്നു. കാരണം, സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നുണ്ടെങ്കിലും ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല. ആ വേദന അവൾക്ക് ആനന്ദം സമ്മാനിക്കുന്നു. ഇപ്രകാരം ക്രിസ്തുവിൽ വിശ്വസിക്കുന്നത് നിമിത്തം ക്രിസ്തുശിഷ്യർക്ക് വേദന ഉണ്ടാകുന്നുണ്ടെങ്കിലും നിത്യതയിൽ ആ ദുഃഖമെല്ലാം സന്തോഷമായി മാറ്റപ്പെടും. ചുരുക്കത്തിൽ, കർത്താവ് പറഞ്ഞുവയ്ക്കുന്നത്, "സന്തോഷമായി മാറ്റപ്പെടുന്ന സങ്കടങ്ങളെ" കുറിച്ചാണ്. "നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും" (യോഹ 16,20).

വിശുദ്ധരുടെ ജീവിതങ്ങൾ പഠിപ്പിക്കുന്നത് "ദൈവത്തോട് ചേർന്നുനിന്നാൽ ദൈവം സങ്കടങ്ങളെ സന്തോഷമാക്കി മാറ്റും" എന്നതാണ്!

സന്തോഷമായി മാറ്റപ്പെടുന്ന സങ്കടങ്ങളെ കുറിച്ച് കർത്താവ് വാചാലനാകുന്നതിനോടൊപ്പം വലിയ ഒരു ഉറപ്പും വചനഭാഗം സമ്മാനിക്കുന്നുണ്ട്.

"സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും. ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും" (യോഹ 16,23). വിശ്വാസത്തോടുകൂടെ കർത്താവിനെ സമീപിക്കുന്നവർക്ക് കർത്താവ് സമീപസ്ഥനായിരിക്കുന്നതുപ്പോലെ വിശ്വാസത്തോടുകൂടെ കർത്താവിനെ വിളിച്ച് പ്രാർത്ഥിക്കുന്നർക്ക് കർത്താവ് ഉത്തരം സമ്മാനിക്കും എന്നുള്ള ഉറപ്പാണ് വചനം സമ്മാനിക്കുന്നത്.

കർത്താവ് പറയുന്നു; "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും" (യോഹ 16,24). മൂന്ന് വർഷക്കാലം കർത്താവിനോട് കൂടെ ഊണിലും ഉറക്കത്തിലും നടന്നിരുന്നവരാണ് ക്രിസ്തുശിഷ്യർ. എന്നിട്ടും, തന്റെ പരസ്യജീവിതത്തിന്റെ അവസാനത്തിൽ ക്രിസ്തു തന്റെ ശിഷ്യരെ വിളിച്ച് ചേർത്തിട്ട് പറയുകയാണ്, "മക്കളെ, ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും." വചനം ഒന്ന് ഇരുത്തി വായിച്ചാൽ കർത്താവ് പറഞ്ഞ് വയ്ക്കുന്നത്, "മക്കളെ, ഇതുവരെ നിങ്ങൾ വിശ്വാസത്തോട് കൂടെ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. വിശ്വാസത്തോട് കൂടെ ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും" എന്നാണ്. എങ്കിൽ, ഒന്നുറപ്പാണ്; "അനുഗ്രഹങ്ങളുടെ അടിസ്ഥാനം വിശ്വാസം"

തന്നെയാണ്.

ഒരിക്കൽ കടൽ കാണാൻ വഞ്ചിയിൽ കയറി യാത്രയായതായിരുന്നു കുഞ്ഞിമുഹമദ്ദ്. പെട്ടന്ന്, വലിയ കാറ്റിലും തിരയിളക്കത്തിലും പെട്ട് കുഞ്ഞിമുഹമദ്ദ് മുങ്ങിതാഴാൻ തുടങ്ങി. കടലിൽ മുങ്ങി താഴുകയായിരുന്ന കുഞ്ഞിമുഹമദ്ദ് ഉറക്കെ ദൈവത്തെ വിളിച്ചു:

"പടച്ചോനെ, എന്നെ രക്ഷിച്ചാൽ ഞാൻ 1001 പേർക്ക് ബിരിയാണി വാങ്ങി കൊടുക്കാം."

താമസിയാതെ വലിയ ഒരു തിരമാല അടിച്ചു. കുഞ്ഞിമുഹമദ്ദ് കരയിലേക്ക് തെറിച്ചു വീണു. കരയിലെത്തിയ കുഞ്ഞിമുഹമദ്ദ് എഴുന്നേറ്റു നിന്ന് അഹങ്കാരത്തോടെ മുകളിലേക്ക് നോക്കി പറഞ്ഞു;

"ഹും!.. എന്ത് ബിരിയാണി!"

ഇതും പറഞ്ഞ് കുഞ്ഞിമുഹമദ്ദ് നാക്ക് വായിലേയ്ക്കിട്ടില്ല വലിയ ഒരു തിരമാല അടിച്ചു. കുഞ്ഞമ്മദ് വീണ്ടും കടലിൽ മുങ്ങി താഴാൻ തുടങ്ങി. കുഞ്ഞിമുഹമദ്ദ് ദൈവത്തെ വിളിച്ചു പറഞ്ഞു;

"പടച്ചോനേ, എന്ത് ബിരിയാണി എന്ന് ചോദിച്ചത് ചിക്കനാണോ മട്ടനാണോ എന്ന് ഉദ്ദേശിച്ചാ...."

ഇത് ആരുടെയൊക്കെയോ ഭാവനയിൽ വിരിഞ്ഞ നർമ്മം തുളുമ്പുന്ന കഥമാത്രമാണ്. പക്ഷെ, വിശ്വാസത്തിന്റെ കാര്യത്തിൽ ഈ കഥയ്ക്ക് നമ്മളുടെ അനുദിന ജീവിതവുമായി അഭേദ്യമായ ബന്ധം ദർശിക്കാൻ സാധിക്കും. വചനം ഉറപ്പ് നൽകുന്ന ഒന്ന്, "വിശ്വാസത്തോട് കൂടെ ദൈവത്തെ സമീപിക്കുന്നവർക്ക് ദൈവം സമീപസ്ഥനാണ്" എന്നാണ്. എന്നിട്ടും, ഉദ്ദിഷ്ഠകാര്യസാധനത്തിന് ദൈവത്തെ വിളിച്ചപേക്ഷിക്കുകയും അതിന് ശേഷം ദൈവത്തെ തള്ളി പറയുകയും ചെയ്യുന്ന നാം എത്രം ഹീനമായാണ് ദൈവത്തോട് പെരുമാറുന്നത്.

"മക്കളെ, ഇതുവരെ നിങ്ങൾ വിശ്വാസത്തോട് കൂടെ എൻെറ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. വിശ്വാസത്തോട് കൂടെ ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും" കർത്താവ് നമുക്ക് ഉറപ്പ് നൽകുന്നുണ്ടെങ്കിൽ വിശ്വാസം സ്ഫുരിക്കുന്ന വിധത്തിൽ ജീവിക്കാൻ സാധിക്കണം. ഞാൻ വിളിച്ചപേക്ഷിക്കുന്ന കർത്താവ് എനിക്ക് വിദൂരസ്ഥനല്ല എന്ന് തിരിച്ചറിയാൻ എനിക്ക് പറ്റണം. വിളിക്കും മുമ്പേ എനിക്ക് ഉത്തരമരുളുന്ന എന്റെ നല്ല ദൈവം എന്റെ വിളിയും കാത്തിരിക്കുന്നുണ്ട് എന്നുള്ള ബോധ്യത്തിൽ വളരാൻ സാധിക്കണം. ഓർക്കുക, "ദുഃഖം സന്തോഷമായി മാറ്റുന്ന സുവിശേഷമാണ് കർത്താവിന്റേത്. എന്നാൽ, ലോകത്തിന്റേത് ദുഃഖമായി മാറുന്ന സന്തോഷങ്ങളും."

ദുഃഖമായി മാറുന്ന സന്തോഷങ്ങളെ ത്യജിച്ച് സന്തോഷമായി മാറുന്ന ദുഃഖങ്ങളെ സ്വീകരിക്കുമ്പോൾ നാം ക്രിസ്തുവിലേയ്ക്ക് വളരുകയാണ്!

"വിശ്വാസം എന്നതു പ്രത്യാശിക്കുന്നവ ലഭിക്കുമെന്ന ഉറപ്പും
കാണപ്പെടാത്തവ ഉണ്ട്
ഇതുമൂലമാണ് യത്."

ഹെബ്രാ 11,1

ഫാ. ജോബി മേനോത്ത്
+91 944 7777 931